LIBRARY ARCHIVES Kerala Legislative Assembly

അടച്ചുപൂട്ടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

7 [461] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് കഴിഞ്ഞ 3 വർഷമായി അടച്ചുപൂട്ടിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ അടച്ചുപൂട്ടിയതിനാൽ സർക്കാരിന് ലാഭമാണോ നഷ്ടമാണോ ഉണ്ടായത് എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ എന്തു തുകയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നും ഇവരിൽ എത്ര പേരെ പുനരധിവസിപ്പിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി ആന്റ് സി) അടച്ചുപൂട്ടാൻ തീരുമാനിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരും, അവയുണ്ടാക്കിയ നഷ്ടവും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) മേൽപ്പറഞ്ഞ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വി.ആർ.എസ്./എസ്.എസ്.എൻ.പി. പ്രകാരം 1183 പേർ പിരിഞ്ഞുപോയിട്ടുണ്ട്. വി.ആർ.എസ്./എസ്.എസ്.എൻ.പി. സ്വീകരിച്ച ജീവനക്കാർ സ്വയം തൊഴിൽ പദ്ധതികളുമായി വരുന്നപക്ഷം മറ്റുള്ള വകുപ്പുകളുമായി ആലോചിച്ച് വേണ്ട സഹായം നൽകുവാനുദ്ദേശിക്കുന്നു.

അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ

8 [462] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ പൊതുമേഖലയിലുള്ള എത്ര വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടിയെന്ന് വ്യക്തമാക്കാമോ; അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇവ അടച്ചുപൂട്ടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇവയിൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളോ കമ്പനികളോ അടച്ചുപൂട്ടിയിട്ടുണ്ടോ; എങ്കിൽ ലിസ്റ്റ് ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.